# മഹാത്മാ ഗാന്ധി സർവ്വകലാശാല


പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 18**

---

## പ്രഫ. ടി.വി. പോളിൻറെ പ്രഭാഷണം ഇന്ന്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് സംഘടിപ്പിക്കുന്ന പ്രത്യേക പ്രഭാഷണ പരിപാടിയിൽ കാനഡയിലെ മക്ഗിൽ സർവകലാശാലയിൽ അധ്യാപകനായ പ്രഫ. ടി.വി പോൾ ഇന്ന്(ഡിസംബർ 19) സംസാരിക്കും. പ്രധാന അധികാര കേന്ദ്രമായി വളരുന്നതിന് വിവിധ രാഷ്ട്രീയ കാലഘട്ടങ്ങളിലൂടെ ഇന്ത്യ നടത്തിയ പ്രയാണത്തെക്കുറിച്ച് അദ്ദേഹം വിശദമാക്കും.*

*ഡോ.ടി.വി പോളും സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദനും ചേർന്ന് എഡിറ്റ് ചെയ്ത ഏഷ്യൻ സെക്യൂരിറ്റി ആൻറ് ഇൻറർനാഷണൽ അഫയേഴ്സ് ജേണലിൻറെ പ്രത്യേക പതിപ്പിൻറെ പ്രകാശനം ഇതോടനുബന്ധിച്ചു നടക്കും.*

*രാവിലെ 11ന് നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെംബർ സെക്രട്ടറി ഡോ. രാജൻ വർഗീസ് ചർച്ച ഏകോപിപ്പിക്കും. കാനഡ റോയൽ സൊസൈറ്റി ഫെലോയായ പ്രഫ. ടി.വി. പോൾ 24 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ വിസിറ്റിംഗ് പ്രൊഫസറാണ്.*

*(പി.ആർ.ഒ/39/1146/2024)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ സിബിസിഎസ്-ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ-3 (പുതിയ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 ആദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 31, ജനുവരി ഒന്ന് തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1147/2024)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ പിജിസിഎസഎസ് എംഎസ്സി ബയോകെമിസ്ട്രി (2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററിയും മെഴ്സി ചാൻസും) മെയ് 2024 പരീക്ഷ യുടെ ഫലം പ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധന യ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

…..

*അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎ, എം എസ്സി (2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2020 അഡ്മിഷൻ  സപ്ലിമെന്ററി) ജൂൺ 2024 പരീക്ഷയുടെ ഫലം പ്രസി ദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീ സ് അടച്ച് ജനുവരി ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

……….

*അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് ബികോം (2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെന്റും മെഴ്സി ചാൻസും) ഒക്ടോബർ 2022 പ രീക്ഷയുടെ ഫലം പുനഃപ്രസിദ്ധീകരിച്ചു.  പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരി ശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 28 വരെ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1148/2024)*

## സമയപരിധി നീട്ടി

*ഒന്നാം സെമസ്റ്റർ എംസിഎ (2024 അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ഡിസംബർ 19 വരെയും ഫൈനോടുകൂടി ഡിസംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 21 വരെയും അപേക്ഷിക്കാം.*

*പി.ആർ.ഒ/39/1149/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ